M 27311

Reg. No.: ..............................

Name : ..................................

NORTH MALABAR COLLEGE ... ST. MULBRIGHT ... PAYASSERY

**II Semester M.A./M.Sc./M.Com. Degree (Reg./Supple./Improv.) Examination, March 2015**

**MALAYALAM LANGUAGE AND LITERATURE**

**(2013 and Earlier Admn.)**

**Paper – V : Literature of Renaissance**

Time : 3 Hours Max. Marks : 80

I. സന്ദർഭം കാണിച്ച് ആശയം വിശദമാക്കുക (**ഒന്നര** പേജിൽ കവിയാതെ ഏതെങ്കിലും **നാലെണ്ണം**).

1) മുകുന്ദകീർത്തിയാകുന്ന
   മാലതീമാല മഞ്ജുളാ
   മുടിയിൽ ചൂടിയാശേന്ദു –
   മുഖിമാർ വിളയാടിനാർ

2) നിഴലിൻ വഴി പൈതൽപോലെ പോ –
   യുഴലാ ഭോഗമിരന്നു ഞാനിനി

3) നിനക്കു ഗർഭപ്രസവാദി പീഡയാൽ
   മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ

4) കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
   കോന്തലയ്ക്കലുടക്കിയവൾ

5) ഏകമൂലശ്രുതിയിലീ നാനാജീവസ്വരങ്ങളെ
   യാകലനം ചെയ്യും ധീരഗാനമെൻ ഗാനം

6) നിഗ്രഹോൽസുകം, സ്നേഹ –
   വ്യഗ്രമെങ്കിലും, ചിത്തം

(4×3=12)

P.T.O.

II. **നാലു** പേജിൽ കവിയാതെ **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക.

7) കാല്പനികതയുടെ അരുണോദയം ആധുനിക കവിത്രയത്തിന്റെ കാലത്തിനു മുമ്പുതന്നെ മലയാള കവിതയിൽ കണ്ടു തുടങ്ങിയിരുന്നു – വിലയിരുത്തുക.

8) ബിംബങ്ങളുടെ ഘോഷയാത്രയാണ് പി. കുഞ്ഞിരാമൻ നായരുടെ കവിതയെ ശ്രദ്ധേയമാക്കുന്നത് – നിരൂപിക്കുക. **(1×8=8)**

III. **അയ്യഞ്ചു** പേജിൽ കവിയാതെ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

9) മലയാളത്തിലെ ആദ്യകാല കഥകളുടെ പൊതു സ്വഭാവങ്ങളിൽ പലതും 'വാസനാവികൃതി'യിൽ തെളിഞ്ഞു കാണാം – സമർത്ഥിക്കുക.

10) 'വി. കെ. എൻ. കഥകളിലെ ഫലിതത്തിന്റെ പ്രാണൻ അതിശയോക്തിയാണ്' – നിരൂപിക്കുക.

11) കാല്പനികതയുടെ ബാഹ്യാവരണത്തിനുള്ളിൽ സാമൂഹിക യാഥാർത്ഥ്യങ്ങളുടെ ഒരളവോളം വസ്തുനിഷ്ഠമായ ആഖ്യാനമാണ് പൊറ്റെക്കാടിന്റെ കഥകളിലുള്ളത് – വിശദീകരിക്കുക.

12) കഥയെ സംവാദത്തിന്റെ ഇടമാക്കിത്തീർത്ത കഥാകാരിയാണ് കെ. സരസ്വതി അമ്മ എന്ന അഭിപ്രായം സയുക്തികം പരിശോധിക്കുക. **(2×10=20)**

IV. **അയ്യഞ്ചു** പേജിൽ കവിയാതെ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

13) അകത്തളത്തിൽ വീർപ്പുമുട്ടുന്ന മുസ്ലിം പെൺകുട്ടിയുടെ ചരിത്രമാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' – വിശദീകരിക്കുക.

14) 'കേരളനവോത്ഥാനകാലത്തിന്റെ സൃഷ്ടിയും ജിഹ്വയുമാണ് ഇന്ദുലേഖ' എന്ന അഭിപ്രായം സയുക്തികം പരിശോധിക്കുക.

15) ആദർശത്തിന്റെ കുഴൽക്കണ്ണാടിയിലൂടെ മാത്രം മനുഷ്യരെ നോക്കിക്കണ്ടതാണ് 'രണ്ടിടങ്ങഴി'യുടെ പരാജയ ഹേതു – ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക.

16) പാരമ്പര്യത്തിന്റെ അടിമകളായി ജീവിതം ജീവിച്ചു തീർക്കുന്ന മനുഷ്യരുടെ കഥ പറയുന്നതിൽ 'ഉമ്മാച്ചു'വിന്റെ രചയിതാവ് വിജയിച്ചുവോ ? നിരൂപിക്കുക. **(2×10=20)**



V. **അയ്യഞ്ചു** പേജിൽ കവിയാതെ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

17) കേരളത്തിലാദ്യമായി ദേശീയ പ്രസ്ഥാനത്തിന്റെ അലകൾ നാടകത്തിൽ അവതരിപ്പിച്ചത് വിദ്വാൻ കേളു നായരാണ് – സയുക്തികം ചർച്ച ചെയ്യുക.

18) നമ്പൂതിരി സമുദായത്തിന്റെ അഴിച്ചു പണിക്കും പുരോഗതിക്കും 'ഋതുമതി' സഹായകമായിത്തീർന്നതെങ്ങനെ ?

19) "ഭരണകൂടസ്ഥാപനങ്ങൾക്കു ബദലായ ഒരു സാംസ്കാരിക വിദ്യാഭ്യാസമാണ് 'പാട്ടബാക്കി' നടപ്പിലാക്കിയത്" – ആശയം വിശദമാക്കുക.

20) മനുഷ്യനെ പിശാചാക്കി മാറ്റുന്ന യുദ്ധമാണ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ പശ്ചാത്തലം – നിരൂപിക്കുക. **(2×10=20)**

---